ക്ലാസ്സ് **10**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
## First Semester Examination 2024-25

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

## പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** 10×1=10

*(AD 314, അന്ത്യവിധി നാളിൽ, വിശുദ്ധ മദർ തെരേസ, വിശുദ്ധ അഗസ്തീനോസ്, വി. അൽഫോൻസാമ്മ, AD 313, നീറോ ചക്രവർത്തി, പരിശുദ്ധാത്മാവിന്റെ വീണ, യാക്കോബ് ശ്ലീഹാ, അപ്പോളജി, ദേവസഹായം പിള്ള, അയയ്ക്കുക, സ്നേഹം, കരുണ, വിശുദ്ധ തോമാശ്ലീഹാ, പരിശുദ്ധാത്മാവിന്റെ ആലയം)*

1. മിലാൻ വിളംബരം നടന്ന വർഷം ഏത്?
2. ഈശോ നന്മ ചെയ്തവരെ തന്റെ വലതുവശത്തും തിന്മ ചെയ്തവരെ ഇടതുവശത്തും നിർത്തുമെന്ന് പറയപ്പെടുന്ന അവസരം ഏത്?
3. ഉപ്പ്വിയുടെ പ്രവാചികയെന്ന് എന്ന ലോകം വിളിച്ച വിശുദ്ധ ആര്?
4. വിശ്വാസത്തിന്റെ പേരിൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ ആരംഭം കുറിച്ച ചക്രവർത്തി?
5. വിശുദ്ധ അപ്രേമിനെ വിശേഷിപ്പിക്കുന്നത് എങ്ങനെ?
6. കാറ്റാടി മലയിൽ വച്ച് രക്തസാക്ഷിയായി തീർന്ന വ്യക്തി?
7. 'മീത്താറേ' എന്ന ലത്തീൻ പദത്തിന്റെ അർത്ഥമെന്ത്?
8. 'ഏറ്റുപറച്ചിൽ' ആരുടെ ആത്മകഥയാണ്?
9. ദൈവവചനത്തിന്റെ കാതൽ?
10. വിശ്വാസ സംരക്ഷകരുടെ കൃതികൾ അറിയപ്പെടുന്നതെങ്ങനെ?

**പൂരിപ്പിക്കുക.** 5×1=5

11. ഏഷ്യയിലെ ഏറ്റവും വലിയ അല്മായ പ്രേഷിത സംഘടനയാണ് ..................................
12. ...................... സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത്.
13. വിശ്വാസത്തിൽ ഒന്ന് ചേർന്ന ആദിമ സഭാസമൂഹത്തിന്റെ യഥാർത്ഥ ശക്തികേന്ദ്രമായിരുന്നു ...................
14. ആദിമ ക്രൈസ്തവ സമൂഹം യാമ പ്രാർത്ഥനകൾ നടത്തിയിരുന്നതിന്റെ ഉദ്ദേശം ....................
15. സഭാരൂപീകരണത്തിന്റെ ആദ്യപടിയാണ് ........................

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക.** 7×2=14

16. ആദിമ ക്രൈസ്തവരുടെ ചിന്തയിലും മനോഭാവങ്ങളിലും സുവിശേഷ സന്ദേശം നിറഞ്ഞപ്പോൾ അവർക്കുണ്ടായ മാറ്റമെന്ത്? അതിന്റെ ഫലമെന്ത്?
17. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ ഏവ?
18. പെസഹാ തിരുനാളിൽ വിശുദ്ധ കുർബാന സ്ഥാപിച്ച ശേഷം ഈശോ ശിഷ്യന്മാരോട് അരുൾ ചെയ്തതെന്ത്?
19. ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ പ്രധാന ഉള്ളടക്കം എന്തായിരുന്നു?
20. സഭയെ സഭയാക്കുന്നത് ആരൊക്കെ തമ്മിലുള്ള കൂട്ടായ്മയാണ്?
21. സുവിശേഷം ആദ്യം പ്രസംഗിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്ത പ്രദേശങ്ങളേവ?
22. പത്രോസ് ശ്ലീഹായെ സഭയുടെ നായകനായി നിയമിച്ചപ്പോൾ ഈശോ നൽകിയ നിർദ്ദേശമെന്ത്?

**നാലു വാക്യത്തിൽ ഉത്തരം എഴുതുക.** 4×4=16

23. സഭയുടെ ഏതെങ്കിലും നാല് ജീവകാരുണ്യ പ്രവർത്തന മേഖലകൾ

24. നോട്ടു കുറിക്കുക : രക്തസാക്ഷികളുടെ ധീരത

25. ഈശോ പ്രഥമ പ്രേഷിതൻ.

26. 'സുവിശേഷ പ്രഘോഷണത്തോടൊപ്പം ക്രിസ്തീയ ജീവിതസാക്ഷ്യവും ഒഴിച്ചുകൂടാനാവാത്തതാണ്.' വ്യക്തമാക്കുക.

**ഏതെങ്കിലും ഒരെണ്ണത്തിന് അഞ്ചു വാക്യത്തിൽ ഉത്തരം എഴുതുക.** 1×5=5

27. മതപീഡനങ്ങളുടെ കാരണങ്ങളേവ?

28. കുറിപ്പെഴുതുക : അജപാലകർ

**ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** 1×10=10

29. സഭാ പിതാക്കന്മാർ (വിശുദ്ധ അത്തനേഷ്യസ്, വിശുദ്ധ ബേസിൽ, വിശുദ്ധ ജോൺ ക്രിസോസ്റ്റോം, വിശുദ്ധ അഗസ്തീനോസ്)

30. സഭയുടെ പ്രേഷിത പ്രവർത്തന മാർഗ്ഗങ്ങൾ (പ്രാർത്ഥന, പ്രഘോഷണം, സേവനം, സഹനം )

## പാർട്ട് 2

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.** 3×1=3

31. വത്തിക്കാന്റെ മുഖപത്രം?

32. ഒരു രാജ്യത്തെ വത്തിക്കാൻ നയതന്ത്ര പ്രതിനിധിയുടെ പേര്?

33. CBCI യുടെ ആസ്ഥാനം?

**ഉത്തരമെഴുതുക.**

34. പരിശുദ്ധാരൂപിക്ക് എതിരായ ഏതെങ്കിലും മൂന്ന് പാപങ്ങൾ എഴുതുക. 3

35. പ്രകാശത്തിന്റെ നാലാം ദൈവരഹസ്യം എഴുതുക. 4

36. ലൈംഗികത സ്നേഹദായകമാണ് എന്നു പറയാൻ കാരണമെന്ത്? 3

37. പൗലോസ് ശ്ലീഹ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ നിങ്ങളെ സ്പർശിച്ച ഒരു വചനവും അതിന്റെ വിശദീകരണവും എഴുതുക. 3

38. കത്തോലിക്കാസഭ ഭ്രൂണഹത്യ ഗൗരവമായ കുറ്റകൃത്യമായി കാണുന്നു. കാരണം വ്യക്തമാക്കുക. 4